**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 8** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ലൈഫ് ഭവന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സജി ചെറിയാൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ടി. എം. ശശി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ലൈഫ് ഭവന പദ്ധതി നിർത്തലാക്കുന്നതിന് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** പ്രസ്തുത പദ്ധതിയിൽ അംഗീകരിച്ച ലിസ്റ്റിൽ ഇനിയും സഹായം ലഭിക്കുവാൻ അവശേഷിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** അർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് വരുന്നു.

**(സി)** നിലവിൽ നിർമ്മാണം പാതി വഴിയിലെത്തിയ ഗുണഭോക്താക്കൾക്ക് പണി പൂർത്തിയാക്കുവാൻ ധനസഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി സഹായം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** മുൻ സർക്കാരിന്റെ കാലത്ത് ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് നൽകിയിരുന്ന തുക എത്രയെന്നും ഇതിൽ വകുപ്പിന്റെ വിഹിതം എത്രയാണെന്നും മുൻപ് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; ഗുണഭോക്തൃ വിഹിതം ഈടാക്കിയിരുന്നോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധം(1) ആയി ചേർത്തിട്ടുണ്ട്.

**(ഇ)** പി.എം.എ.വൈ 2.0 പദ്ധതി പ്രകാരം ഗുണഭോക്താവ് ഒരു ലക്ഷം രൂപ വഹിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല.

കേരളത്തിൽ ഗുണഭോക്തൃ വിഹിതം എത്രയായി നിശ്ചയിക്കണമെന്ന വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**(എഫ്)** പി.എം.എ.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ ലോഗോ പതിക്കാനുള്ള നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെന്ന് മുൻ സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശം ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** മുൻ സർക്കാരിന്റെ കാലത്ത് 31/10/2023 ലെ DE1/268/2023-LSGD നം കത്ത് പ്രകാരം PMAY (U) പദ്ധതിയുടെ ലോഗോ വീടുകളിൽ പതിക്കണമെന്ന് സർക്കാർ കുടുംബശ്രീക്ക് നിർദ്ദേശം നൽകിയിരുന്നു. കുടുംബശ്രീ അതിന്റെ 04-11-2023 ലെ 5476/N/ 2015/KSHO നം കത്ത് പ്രകാരം ലോഗോയുടെ മാതൃക ഉൾപ്പെടെ നൽകി ലോഗോ പതിക്കണമെന്ന് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിരുന്നു. PMAY(U) 2.0 പദ്ധതിയുടെ കാര്യത്തിൽ നിബന്ധനയിൽ നിന്നും ലോഗോ ഒഴിവാക്കണമെന്നും മുൻ സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു.

പി.എം.എ.വൈ. (നഗരം) 2.0 പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ തമ്മിൽ **ധാരണാപത്രം** ഒപ്പു വെക്കുന്നതിന് തീരുമാനിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരമുള്ള മാർഗ്ഗനിർ ദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത്.

ഉത്തരവിന്റെ പകർപ്പ് അനുബന്ധം(2) ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

ലൈഫ് ഭവന പദ്ധതിയിൽ പൊതു വിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങൾക്കകത്ത്, സമീപത്ത്, ദുർഘടപ്രദേശങ്ങൾ എന്നിവിടങ്ങളിലെ ഭവന നിർമ്മാണത്തിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയുമാണ് മുൻ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ചിരുന്നത്.

ലൈഫ് ഭവന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ധനസഹായമായി അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം 80,000 രൂപയും സംസ്ഥാന വിഹിതം ഒരു ലക്ഷം രൂപയും പരമാവധി വായ്പ്പാ വിഹിതം 2,20,000 രൂപയുമാണ്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന 6 ലക്ഷം രൂപയിൽ 80,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും മൂന്ന് ലക്ഷം രൂപ സംസ്ഥാന വിഹിതവും പരമാവധി വായ്പ്പാ വിഹിതം 2,20,000 രൂപയുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം അധികമായി കണ്ടെത്താൻ കഴിയുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വായ്പ്പ വിഹിതം ആവശ്യമില്ല. ലൈഫ് ഭവന പദ്ധതിയുടെ ധനസഹായം നിലവിലും ഇപ്രകാരമാണ് അനുവദിക്കുന്നത്.

മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് ഒരു സാമ്പത്തിക വർഷം 300 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 140 കോടി രൂപയും ലൈഫ് ഭവന പദ്ധതിക്കായി വകയിരുത്തിയിരുന്നു. പുതുക്കിയ ബജറ്റ്, 2026-27-പ്രകാരം പട്ടികജാതിവികസന വകുപ്പ് 200 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 100 കോടി രൂപയും ലൈഫ് ഭവന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.

അനുബന്ധം(2)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന- നഗരം 2.0 [PMAY-U 2.0]-നടപ്പാക്കുന്നതിനായുള്ള ധാരണാപത്രം (MoA) കേന്ദ്ര സർക്കാരുമായി ചേർന്ന് ഒപ്പ് വയ്ക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(കൈ) നം.113/2026/LSGD തീയതി,തിരുവനന്തപുരം, 16-08-2026

---

പരാമർശം:-

1. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 27-9-2024 ലെ 11011/11/2024/HFA-V-MoHUA ,27.02.2026 ലെ N-11011/37/2021-HFA-IV-UD നമ്പർ കത്തുകൾ
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.05.2026 ലെ KSHO/1186/2026-N നമ്പർ കത്ത്

**ഉത്തരവ്**

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ രണ്ടാം ഘട്ടമായ പ്രധാനമന്ത്രി ആവാസ് യോജന – നഗരം 2.0 [PMAY-U 2.0] കേന്ദ്ര സർക്കാർ 2024 സെപ്റ്റംബർ 24-ന് പ്രഖ്യാപിക്കുകയും, പദ്ധതിയുടെ പ്രവർത്തന മാർഗരേഖ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

2) പി.എം.എ.വൈ (നഗരം) 2.0 പദ്ധതി ഇന്ത്യയിലുടനീളമുള്ള നഗരപ്രദേശങ്ങളിലെ ഒരു കോടി ദരിദ്ര മധ്യവർഗ്ഗ കുടുംബങ്ങൾക്ക് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഭവനം ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും (EWS – ₹3 ലക്ഷം വരെ/ LIG – ₹3 ലക്ഷം മുതൽ ₹6 ലക്ഷം വരെ/MIG – ₹6 ലക്ഷം മുതൽ ₹9 ലക്ഷം വരെ വാർഷിക കുടുംബവരുമാനമുള്ള വിഭാഗങ്ങൾ) രാജ്യത്ത് ഒരിടത്തും വീട് ഇല്ലാത്തതുമായ നഗരകുടുംബങ്ങൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.

3) സ്വന്തമായി ഭൂമിയുള്ളവർക്കു ഭവന നിർമാണത്തിനുള്ള ധനസഹായം നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവനനിർമ്മാണ പദ്ധതി (ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ), ഭൂരഹിത ഭവന രഹിതർക്ക് പൊതു -സ്വകാര്യ പങ്കാളിത്തത്തോടെ സമുച്ചയങ്ങൾ നിർമ്മിച്ചു ലഭ്യമാക്കാൻ കഴിയുന്ന പദ്ധതി (അഫോർഡബിൾ ഹൗസിങ് ഇൻ പാർട്ട്ണർഷിപ്പ്), നഗരങ്ങളിലേക്ക് കുടിയേറുന്നവർക്ക് കുറഞ്ഞ ചെലവിൽ വാടകയ്ക്ക് വീടുകൾ ലഭ്യമാക്കുന്ന പദ്ധതി (അഫോർഡബിൾ റെന്റൽ ഹൗസിങ്), ഭവന വായ്പകളുടെ പലിശയിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി (ഇന്ററെസ്റ്റ് സബ്സിഡി സ്കീം) എന്നീ നാല് ഘടകങ്ങളായാണ് പദ്ധതി നടപ്പിലാകുന്നത്. വിധവകൾ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, ട്രാൻസ്ജെൻഡർ വിഭാഗം, ശുചീകരണ തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, അങ്കണവാടി പ്രവർത്തകർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ചേരികളിൽ താമസിക്കുന്നവർ തുടങ്ങിയ സാമൂഹികമായി പിന്നാക്ക വിഭാഗങ്ങൾക്ക് ടി പദ്ധതിയിൽ മുൻഗണന നൽകുന്നു.

4) പി.എം.എ.വൈ. (നഗരം) 2.0 പദ്ധതിയുടെ മാർഗ്ഗരേഖ ഖണ്ഡിക 8.1 ("Funding pattern") പ്രകാരം, കേന്ദ്ര-സംസ്ഥാന ധനവിഹിത അനുപാതം 60 (1.5 lakh/unit) : 40 (1 lakh/unit) ആയി നിശ്ചയിച്ചിരിക്കുന്നു. കൂടാതെ പദ്ധതി തുകയുടെ 25 ശതമാനം ഗുണഭോക്തൃ വിഹിതമായി കണ്ടെത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു.

5) പി.എം.എ.വൈ (നഗരം) പദ്ധതി ഒന്നാം ഘട്ടത്തിന്റെ നിർവ്വഹണ കാലയളവ് 30.09.2026 വരെ മാത്രമാണ് ഉള്ളതെന്നും ടി കാലാവധി ദീർഘിപ്പിക്കുന്നതല്ലെന്നും പരാമർശം (1) പ്രകാരം കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം അറിയിച്ചിരുന്നു. പി.എം.എ.വൈ (നഗരം) 2.0

പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിലവിൽ ഏകദേശം 51,249 ഭൂമിയുള്ള ഭവന രഹിത അപേക്ഷകർ വിവിധ നഗരസഭകളെ സമീപിച്ചിട്ടുണ്ടെന്നും, സംസ്ഥാനം പദ്ധതിയുടെ ധാരണാപത്രത്തിൽ ഏർപ്പെടുന്ന പക്ഷം വിവിധ നഗരസഭകളിലെ അർഹരായ മുഴുവൻ ഭവന രഹിതർക്കും ഭവനം ലഭ്യമാക്കുന്നതിന് സാധിക്കുമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുത്തിട്ടുള്ളത് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന- നഗരം 2.0 സംസ്ഥാനത്തു നടപ്പാക്കുന്നതിനായുള്ള ധാരണാപത്രം (MoA) കേന്ദ്ര സർക്കാരുമായി ചേർന്ന് ഒപ്പ് വയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം, ഗവണ്മെന്റ് ഓഫ് ഇന്ത്യ, ന്യൂഡൽഹി (WITH C/L)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ